റോഡ് സുരക്ഷാ പരിപാടികൾ

*24 [114] ശ്രീ. എം. വി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷാ പരിപാടികൾ മെച്ചമാക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2003-04 വർഷത്തിൽ ഇതിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) റോഡ് സുരക്ഷാ പരിപാടികൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് സർക്കാർ മറ്റേതെങ്കിലും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കരാറിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) റോഡ് സുരക്ഷാ പരിപാടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. ഇതിനായി റോഡ് സുരക്ഷാ ബിൽ തയ്യാറായി വരുന്നുണ്ട്. കൂടാതെ വാഹന പരിശോധന കൂടുതൽ ശക്തമാക്കുന്നതിന് എല്ലാ ജില്ലകൾക്കും പ്രത്യേക സ്ക്വാഡുകൾ അനുവദിച്ചു. ഓവർ സ്പീഡും, മദ്യപിച്ച് വാഹനം ഓടിക്കുന്നതും കണ്ടുപിടിക്കുന്നതിന് സ്പീഡ് ഡിറ്റക്ടിംഗ് റഡാറും, ബ്രീത്ത് അനലൈസറുകളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ അവബോധം ഉളവാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 10 സ്കൂൾ/കോളേജുകളിലായി റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കാനുള്ള നിർദ്ദേശവും പരിശോധനയിലാണ്. സ്കൂൾ പാഠ്യ പദ്ധതിയിൽ റോഡു സുരക്ഷാ പാഠഭാഗങ്ങൾ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 20 സ്കൂളുകളിൽ റോഡ് സുരക്ഷയെ അടിസ്ഥാനപ്പെടുത്തിയുള്ള മാജിക് ഷോ നടത്തുകയുണ്ടായി. ഇതിനെല്ലാം ഉപരിയായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലായി 20 സോളാർ പവേർഡ് റോഡ് വാണിംഗ് ബ്ലിങ്കറുകളും സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ദേശസാൽക്കരിക്കാത്ത റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്

*25 [115] ശ്രീമതി രാധാരാഘവൻ:

ശ്രീ. ബി വിജയകുമാർ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽക്കരിക്കാത്ത റൂട്ടുകളിൽ സ്വകാര്യ ബസ്സുകളോടൊപ്പം കെ.എസ്.ആർ.ടി.സി.-യും സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ബി) സമ്പൂർണ്ണ ദേശസാൽക്കരണം നടത്തിയ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതുകൊണ്ടുമാത്രമേ കെ.എസ്.ആർ.ടി.സി.-ക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ എന്ന് കരുതുന്നുണ്ടോ; എങ്കിൽ അതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ബസ് സർവ്വീസുമായി മത്സരിച്ചു കുറുത്തുനേടുവാൻ കെ.എസ്.ആർ.ടി.സി.-യെ പര്യാപ്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇപ്പോൾത്തന്നെ ദേശസാൽക്കരിക്കാത്ത റൂട്ടുകളിലും, യാത്രാക്ലേശം പരിഹരിക്കുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം കിട്ടുന്ന രീതിയിലും സർവ്വീസ് നടത്തി വരുന്നു.

(ബി) കരുതുന്നില്ല.

(സി) ചില റൂട്ടുകളിൽ ഇപ്പോൾത്തന്നെ സ്വകാര്യ ബസ്സുമായി മത്സരിച്ചാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly